# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-2026



## ഡി. ബി. എൽ. പി. എസ്
## ആശ്രാമം

BRC- കൊല്ലം
CRC- കോയിക്കൽ
2025-2026


D. B. L. P. S ASRAMAM
Ph:9497620552
dblpsasramam@gmail.com

# Profile

Name of school:D B L P S ASRAMAM

Date of establishment:1951

Name of village: kilikolloor

Name of cluster: koikkal

Corporation: kollam

Name of BRC with phone number:kollam
0474-2798553

Name of district :kollam

Name of sub district : kollam

Name of H. M: Biji k pillai
9497620552

Senior Assistant:7012449847

School code-41442

Taluk: kollam

# അധ്യാപകരും വിവരങ്ങളും

1. Hm. Biji.k.Pillai, ഇംഗ്ലീഷ് ക്ലബ്
2. K. Remadevi SRG convenor, വായനാ
ഹിന്ദി ക്ലബ്, PTA
3. Jyothi. J. S. സ്റ്റാഫ് സെക്രട്ടറി, മലയാളം,
ലൈബ്രറി
4. Nayana Vijayam. വിദ്യാരംഗം സയൻസ് ക്ലബ്, ഉച്ചഭക്ഷണം
5. Athira Jayachandran: സോഷ്യൽ സയൻസ്, കലാ കായികം, IT.

ഭിന്നശേഷി കുട്ടികളുടെ പട്ടിക

Std I
Boy - 1

Std III
B - 4
G - 1

Std IV B - 1

Std V B - 1

## ആമുഖം

കൊല്ലം നഗരസഭയുടെ 10-ാം ഡിവിഷനിലെ ദേവസ്വം ബോർഡ് ശ്രീകണ്ഠസ്വാമി ക്ഷേത്രത്തിന സമീപമായി 1 മുതൽ 5 വരെ ക്ലാസുകളുള്ള ഈ സ്കൂൾ ദേവസ്വം ബോർഡ് എൽ.പി.സ്കൂൾ എന്ന പേരിൽ സ്ഥിതിചെയ്യുന്നു. 1951ൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ആദ്യമായി ആരംഭിച്ച പ്രൈമറി സ്കൂളാണ് ശ്രീകണ്ഠവിലാസം ദേവസ്വം ബോർഡ് ലോവർ പ്രൈമറി സ്കൂൾ.

## ചരിത്രം

ആശ്രമം ശ്രീകണ്ഠസ്വാമി ക്ഷേത്രത്തിലെ ഉപദേശകസമിതി ദേവസ്വം ബോർഡിൽ നിരന്തരം ബന്ധപ്പെട്ട് സമ്മർദ്ദം ചെലുത്തിയതിന്റെ ഭാഗമായാണ് ഈ വിദ്യാലയം ആരംഭിച്ചത്. ക്ഷേത്രത്തിന്റെ ഊട്ടുപുരയുടെ തിണ്ണയിലായിരുന്നു സ്കൂളിന്റെ തുടക്കം. ശ്രീദേവിയമ്മയായിരുന്നു ആദ്യത്തെ പ്രധമാധ്യാപിക. 12 ഓളം കുട്ടികളായിരുന്നു ആദ്യം ഉണ്ടായിരുന്നത്. പിന്നീട് ഊട്ടുപുര മുഴുവനായി പ്രയോജനപ്പെടുത്തി സ്കൂൾ വിപുലമായി പ്രവർത്തനമാരംഭിച്ചു. ഊട്ടുപുര സ്കൂൾ എന്നാണ് പ്രാദേശികമായി അറിയപ്പെടുന്നത്. 1 മുതൽ 5 വരെയുള്ള ക്ലാസുകൾ അന്നുമുണ്ടായിരുന്നു. ഓരോ ക്ലാസിലും

3ഉം 4ഉം ഡിവിഷനുകൾ അനുവദിക്കുകയുണ്ടായി
വിദ്യാലയത്ത് ഇപ്പോൾ സ്കൂൾ പ്രവർത്തിക്കുന്ന
കെട്ടിടത്തിലേക്ക് മാറി അപ്രകാരം
ദേവസ്വംബോർഡ് ഹൈ. പി. സ്കൂൾ എന്നപേരി
ലറിയപ്പെടുന്നു.

ശ്രേഷ്ഠരും വൈദഗ്ദ്ധ്യരുമാ
യ ഒരു പിടി ശിഷ്യന്മാർ ഈ സ്കൂളിന് സ്വന്തം.
അതിൽ ചിലരുടെ പേരുകൾ, പ്രവർത്തന
മേഖലകൾ ഇവയെന്നു പരാമർശിക്കട്ടെ
അധ്യാപക മേഖലയിൽ പ്രശസ്തിയാർജ്ജിച്ച
Dr. H.S. മണിഅയ്യർ (പ്രൊഫസർ),
B.S. തിലകമണി
കളക്ടർ . മറ്റുവിവിധ മേഖലകളിൽ
പ്രവർത്തിക്കുന്നവർ സ്വദേശത്തും വിദേശ
ത്തും സ്വന്തം കർമരംഗങ്ങളിൽ പ്രാവീണ്യം
തെളിയിച്ച പ്രതിഭകളും ഈ സ്കൂളിന്റെ
സമ്പത്താണ് ..2025-26 അക്കാദമിക വർഷം
വിദ്യാലയ ചരിത്രത്തിൽ ഒരു നാഴികക്കല്ലായി മാറിക്കൊ
[illegible] പ്രീപ്രൈമറി [illegible]
[illegible] വിശകലനം

## അവസ്ഥാ വിശകലനം

ഇടക്കാലത്ത് പരിമിതമായ സൗകര്യങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ എങ്കിലും ഉന്നതമായ മാതൃക കൈത്താങ്ങ് പ്രൈമറി വിദ്യാഭ്യാസം ഈ സ്കൂളിന് സ്വന്തമായി.

എന്നാൽ ഇന്നത്തെ ഹൈടെക് വിദ്യാഭ്യാസത്തിന് ഇവ ഒന്നുമല്ല. ഭൗതികസൗകര്യങ്ങൾ ഇല്ലാതെ ധാരാളം പരിമിതികളോടെ ഉന്നമനം സ്വായത്തമാക്കാനുള്ള തീവ്ര പ്രയത്നത്തിലാണ് ഈ സ്കൂളിലെ ഒരുകൂട്ടം അധ്യാപകർ.. ഞങ്ങളുടെ ലക്ഷ്യം ഈ സ്കൂളിന്റെ ഉന്നമനമാണ് ആധുനിക സാങ്കേതികത്തോടൊപ്പം സ്വായത്തമാക്കാൻ കഴിയും എന്ന ഉറച്ച വിശ്വാസം ഞങ്ങളിലുണ്ട്. അതിന്റെ മുന്നോടിയായി സമിതിയുടെയും വിദ്യാലയസംരക്ഷണ സമിതിയുടെയും പ്രവർത്തനഫലമായി പൂർവവിദ്യാർത്ഥി സംഗമങ്ങളും നടന്നു. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സ്കൂളിൽ ഒരു പാർക്കും സ്കൂളിന്റെ ചുവരുകൾ ~~ചുവരുകളിൽ~~ ചിത്രങ്ങളും അക്ഷരങ്ങളും കൊണ്ട് മനോഹരമാക്കി. ഒരേമനസ്സോടെ ഞങ്ങളുടെ മുൻപിൽ ഞങ്ങളെ വിശ്വസിച്ച് ഏൽപ്പിച്ചിരിക്കുന്ന കുഞ്ഞുങ്ങളുടെ സർവതോന്മുഖമായ വികസനമാണ് ഞങ്ങളുടെ ലക്ഷ്യം. അതിനായി എല്ലാ കുട്ടികളുടെയും വീടുകളിലും അധ്യാപകരെത്തി ഗൃഹ സന്ദർശനം നടത്തി അവരുടെ ജീവിതാ

ബുദ്ധിമുട്ടുകളും മനസ്സിലാക്കാം
~~[illegible]~~ പോംവഴികളും നിർദ്ദേശിക്കുകയും ചെയ്യുന്നു
കൂടുതൽ കുട്ടികളും ദാരിദ്ര്യ രേഖക്ക് താഴെ
ഉള്ളവരാണ്. അവർക്ക് സ്വന്തമായി ഫോൺ
ഇല്ലയോ മറ്റ് ഫോൺ സ്കളിലോ ഒന്നോ
തന്നെ ഉള്ളൂ. സ്കൂളിൽ നിന്ന് ലഭിക്കുന്ന പാഠ
പുസ്തകമല്ലാതെ അനുബന്ധ വായനാസാമഗ്രി
കൾ വളരെ കുറച്ചേ ഉള്ളൂ.
കളൊപ്പം ഒന്നാമ

പ്രവർത്തനങ്ങളുടെ മികവിൽ ശ്രദ്ധേയമാ
യെന്നത് ദിനാചരണങ്ങളാണ്. എല്ലാ പ്രവർ
ത്തനങ്ങളും ഓൺലൈനായി നടന്നത്
കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ കഴിയുന്നുണ്ട്.
ഓരോ അധ്യയന വർഷത്തിലും നടക്കേണ്ട പരിപാടികൾ
PTAയും അധ്യാപകരും വിദ്യാലയ സംരക്ഷണസമിതിയും
ചേർന്ന് രൂപം കൊടുത്താണ് സാധ്യമാക്കുന്നത്.
ഈ അക്കാദമിക മാസ്റ്റർപ്ലാനിലേക്ക് വിദ്യാലയ

വികസനായ് ഒരുകൂട്ടം അധ്യാപകരുടെ സ്വപ്ന
സാക്ഷാത്കാരമാണ് നിറയുന്നത്. ശാസ്ത്ര-ഗണിതശാസ്ത്ര
പ്രവൃത്തി പരിചയ മേളകളിൽ മികച്ച വിജയം കൈ
വരിക്കാൻ കഴിഞ്ഞത് സ്കൂളിന്റെ നേട്ടമാണ്. വിദ്യാർ
ത്ഥികളുടെ പഠനേട്ടങ്ങളും സ്കൂളിൽ സമാപന
വന്നതിനെ മെനഞ്ഞെടുത്ത് നിയോജക മണ്ഡലത്തിനെ
പങ്കുവെയ്ക്കുന്നു,

## ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഒരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമാണെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
- എൽ.പി ക്ലാസ്സുകളിൽ സചിത്ര പാഠപുസ്തകം നിർബന്ധമാക്കുക.
- എൽ. പി. ക്ലാസ്സുകളിൽ റീഡേഴ്സ് തീയറ്റർ, പാട്ടരങ്ങ് ഇവ നടപ്പിലാക്കുക.
- ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
- എ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- മുഴുവൻ ക്ലാസ്സുകളിലും ഐസിടി സാധ്യത ഉറപ്പ് വരുത്തുക.
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
- പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസ്സുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
- മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.
- ലഘു പഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയ തലമുറയിൽ കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽനിന്ന് കുട്ടികളെ അകറ്റുക, അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.

- ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതൽ മെച്ചപ്പെടുത്തുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ / വിഭവങ്ങളെ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക.
- കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
- മാലിന്യ സംസ്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക.
- കുട്ടികളിലെ കായികക്ഷമത ഉറപ്പ് വരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക.

# നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| വിഭാഗം | നിലവിലുള്ളത് | ഇനിയാവശ്യമുള്ളത് |
|---|---|---|
| 1 ക്ലാസ്മുറി | 7 | 2 |
| 2 ആൺകുട്ടികളുടെ ടോയ്ലറ്റ് | 1 | 1 |
| 3 പെൺകുട്ടികളുടെ ടോയ്ലറ്റ് | 1 | 1 |
| 4 കിണർ | 1 | |
| 5 ലൈബ്രറി | 0 | |
| 6 ചുറ്റുമതിൽ | ഉണ്ട് | |
| 7 കളിസ്ഥലം | ഉണ്ട് | |
| 8 ക്ലാസ്മുറിയിൽ ഫാൻ | ഇല്ല | 1 |
| 9 അടുക്കള | ഉണ്ട് | |
| 10 കമ്പ്യൂട്ടർ ലാബ് | ഉണ്ട് | |
| 11 റീഡിംഗ് റൂം | ഇല്ല | 1 |
| 12 സ്കൂൾ ബസ് | ഇല്ല | |
| 13 വിഷയലാബുകൾ | ഇല്ല | |
| 14 ബെഞ്ച് | ഇല്ല | 1 |
| 15 കമ്പ്യൂട്ടർ | 2 | 2 |
| 16 ലാപ്ടോപ്പ് | 1 | |
| 17 സൗണ്ട് സിസ്റ്റം | ഇല്ല | |
| 18 പ്രൊജക്ടർ | 1 | |
| 19 വീൽചെയർ | 6 | |
| 20 സ്മാർട്ട് ടിവി | ഇല്ല | 1 |

# പ്രശ്നങ്ങൾ, വെല്ലുവിളികൾ

**അക്കാദമികം**

1. മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
2. റിസോഴ്സ് അധ്യാപകരുടെ കുറവ്.
3. ഭിന്ന നിലവാരക്കാരെ പരിഗണിച്ച് കൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം.
4. 10 ശതമാനം കുട്ടികൾക്ക് അടിസ്ഥാനശേഷി കൈവരിക്കാൻ സാധിക്കുന്നില്ല.
5. ശരിയായ കായികക്ഷമത ഉറപ്പു വരുത്താൻ കഴിയുന്നില്ല.
6. ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഗണിതം എന്നീ വിഷയങ്ങളിൽ നിർദ്ദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജിക്കാൻ കഴിയുന്നില്ല.
7. പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
8. പഠനപ്രക്രിയ പൂർണ്ണമായും വൈവിധ്യമുള്ളതാക്കാനും ശാസ്ത്രീയമാക്കാനും കഴിഞ്ഞിട്ടില്ല.
9. ക്ലാസ് ലൈബ്രറിയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമാവുന്നില്ല.
10. കുട്ടികൾക്ക് ആവശ്യമായ ഗൈഡ് ലൈൻസ് / കൗൺസിലിംഗ് നൽകാനാവശ്യമായ ശാസ്ത്രീയമാർഗ്ഗങ്ങളുടെ അഭാവം.
11. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ക്ലബ് പ്രവർത്തനങ്ങൾ മാറുന്നില്ല.
12. കലാ-സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉണ്ടാവുന്നില്ല.

**ഭൗതികം**

1. റിസോഴ്സ് റൂമുകളുടെ അഭാവം
2. ഭൂമിശാസ്ത്രപരമായ ഘടന
3. ക്ലാസ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല.
4. പ്രഭാത ഭക്ഷണം കഴിക്കാതെ കുട്ടികൾ സ്കൂളിൽ എത്തുന്നു.
5. കലാകായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ധരുടെ സേവനം എപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല.
6. ഭാഷാലാബ് പ്രവർത്തനക്ഷമമായിട്ടില്ല.
7. വിദ്യാലയം ഒരു പാഠപുസ്തകം എന്ന അവസ്ഥ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

**സാമൂഹികം**

1. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ, സാമൂഹിക പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല.
2. വിദ്യാലയത്തിൽ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുന്നില്ല.
3. പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക സംഘടന, എസ്.എം.സി, എസ്.എം.ഡി.സി, പി.ടി.എ എന്നീ സ്ഥാപനങ്ങളുടെ സധ്യതകൾ വേണ്ടവിധം കണ്ടെത്തി പ്രയോജനപ്പെടുത്തുന്നില്ല.
4. പ്രാദേശിക വിഭവപടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല.
5. കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച് ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.

അക്കാദമിക മാസ്റ്റർ പ്ലാൻ

വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം മേഖല -: മലയാളം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ഭാഷാപരമായ ശേഷി സാഹിത്യം | • ജൂൺ ആദ്യവാരം തന്നെ കുട്ടികളുടെ അടിസ്ഥാനശേഷി പരിശോധന പൂർത്തിയാക്കുന്നു.<br>• ഓരോ യൂണിറ്റും പിന്നിടുമ്പോൾ സചിത്ര പാഠപുസ്തക നിർമ്മാണം.<br>• ഒഴിവു ദിവസങ്ങളിൽ കുട്ടികളെയും രക്ഷിതാവിനെയും പങ്കെടുപ്പിച്ചു കൊണ്ടുള്ള കൈത്താങ്ങ് പഠനക്ലാസ്സുകൾ നടത്തുന്നു, വായനകാർഡ് നിർമാണം<br>• സംയുക്ത ഡയറി എഴുത്ത്<br>• റീഡേഴ്സ് തീയറ്റർ, പാട്ടരങ്ങ്<br>• സമേതം ഗ്രന്ഥസന്ദർശനം<br>• വ്യത്യസ്ത പ്രവർത്തന പദ്ധതികളിലൂടെയുള്ള മലയാള അസംബ്ലി<br>• നാടക ഗ്രൂപ്പ്<br>• മലയാളം ഫെസ്റ്റ്<br>• മാതൃവീട്ടിലെ വായന ( അവധിക്കാല വായനാ പരിപോഷണ പരിപാടി)<br>• മധുരം മലയാളം | 2025 |
| വ്യത്യസ്ത സാഹിത്യ രൂപങ്ങൾ പരിചയപ്പെടുന്നതിന് | ചങ്ങാതിക്കൂട്ടം<br>• വ്യത്യസ്ത കലാരൂപങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കുട്ടികൾക്കായി വിവിധ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. | ജൂൺ 2025 മുതൽ 2026 മാർച്ച് വരെ |
| | പാഠനാടകം ശില്പശാല<br>• കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് പാഠ നിർമ്മാണ ശില്പശാല ( ഇവ പാഠഭാഗങ്ങൾക്ക് അനുയോജ്യമായവ ആയിരിക്കും) | 2025 രണ്ടാം പാദം |
| മലയാളവുമായി ബന്ധപ്പെടുത്തി സ്കൂൾ പരിസരത്തെ ആകർഷണീയമാക്കൽ | • സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, കഥാസന്ദർഭങ്ങൾ എന്നിവ ഉൾപ്പെടുത്തി സ്കൂൾ ചുമരുകളിൽ ചിത്രങ്ങൾ വരക്കുന്നു. | 2025-26 |
| ഭാഷയുമായി ബന്ധപ്പെട്ട ഉയർന്ന സാഹിത്യശേഷികൾ കൈവരിക്കൽ | സാഹിത്യ ചുമർ<br>• കുട്ടികൾ അവർ തയ്യാറാക്കിയ സൃഷ്ടികൾ സ്കൂളിൽ പ്രത്യേകം സജ്ജമാക്കിയ സാഹിത്യ ചുമരിൽ പ്രദർശിപ്പിക്കുന്നു. ഓരോ മാസത്തെയും സൃഷ്ടികൾ ചേർത്ത് വെച്ച് മാസികകൾ തയ്യാറാക്കുന്നു. | 2025 മുതൽ |
| ഭാഷാപരമായ അടിസ്ഥാന ശേഷികൾ കൈവരിക്കൽ | • ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. കൈത്താങ്ങ് പഠനക്ലാസ്സുകളിൽ ഈ വർക്ക് ഷീറ്റുകൾ ഉപയോഗിക്കുന്നു.<br>• കുട്ടികൾക്ക് ഏതു സമയത്തും വന്ന് വായിക്കാൻ പറ്റുന്ന രീതിയിൽ വായനാമൂല സജ്ജീകരിക്കുന്നു. വിവിധ നിലവാരക്കാർക്ക് അനുസൃതമായ പുസ്തകങ്ങൾ, മാസികകൾ എന്നിവ ലഭ്യമാക്കുന്നു. | 2025 ആദ്യപാദം |
| ഭാഷാപഠനം ലളിതവും ആകർഷകവുമാക്കൽ | • കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ഭാഷാലാബ് തയ്യാറാക്കുന്നു.<br>• ഇന്റർനെറ്റിൽ ലഭ്യമായ പുസ്തകങ്ങൾ ചേർത്തു കൊണ്ട് ഡിജിറ്റൽ ലൈബ്രറി തയ്യാറാക്കുന്നു. | 2025-26 |
| ഉയർന്ന സാഹിത്യാഭിരുചി വളർത്താനുള്ള സാഹചര്യമൊരുക്കൽ | • പ്രാദേശികവും അല്ലാത്തതുമായ കലാകാരന്മാരെ പങ്കെടുപ്പിച്ച് കൊണ്ടുള്ള സ്കൂൾതല ക്യാമ്പ്.<br>• പ്രാദേശികമായി ലഭ്യമായ സാഹിത്യകാരന്മാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രാദേശിക സാഹിത്യ [illegible]<br>• കുട്ടികൾക്ക് അവരുടെ സാഹിത്യവാസനകൾ പ്രകടിപ്പിക്കാൻ അവസരം നൽകിക്കൊണ്ടുള്ള സ്കൂൾ ആകാശവാണി.<br>• ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ ഓരോ മാസത്തിലും മികച്ച ആസ്വാദനക്കുറിപ്പ് കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ<br>• അമ്മ വായന (മികച്ച വായനാക്കുറിപ്പിന് സമ്മാനം നൽകുന്നു.) | 2025 അവസാനപാദം<br>2025<br>2025 മുതൽ |
| ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തൽ | • 5,6,7 ക്ലാസ്സുകളിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഐസിടി സാധ്യതകൾ കണ്ടെത്തുന്നു. പഠനവിഭവങ്ങൾ തയ്യാറാക്കുന്നു. | 2025ആദ്യപാദം |
| കുട്ടികളിലെ വായനാശീലം പൊതുവിൽ കുറയുന്നതായി അനുഭവപ്പെടുന്നു. | • ഓരോ ക്ലാസുകളിലും രണ്ടു ആഴ്ച കൂടുമ്പോൾ ഒരു പുസ്തകത്തിന്റെ 5 കോപ്പികൾ നൽകുന്നു. രണ്ടു ആഴ്ച പൂർത്തിയാകുമ്പോൾ ആ പുസ്തകവുമായി ബന്ധപ്പെട്ട ക്വിസ് മത്സരം ക്ലാസിൽ നടത്തുന്നു. തുടർന്ന് പുതിയ 5 കോപ്പി പുസ്തകങ്ങൾ നൽകുന്നു. | 2025 മുതൽ |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല:English

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| Ineffective teaching | • Classes in the target language for teachers.<br>• Workshop for teachers by language experts.<br>• Workshop for teachers on teaching learning | 2025 |
| Defective pronunciation | • Audio video clippings on correct pronunciation.<br>• Classes on phonetics by experts.<br>• Language lab<br>• ICT facilities<br>• Video clippings<br>• Readers theatre | 2025-26 |
| Lack of communication skill | • Dramatisation of stories and enacting them.<br>• Conducting debates and seminars.<br>• Conducting English fest<br>• Theatre workshop<br>• Language lab<br>• Formation of English club.<br>• English assembly.<br>• English chatting through skype, messenger etc.<br>• Developing translation skills. | 2025-26 |
| Addressing slow pace learners. | • TM and TLM addressing the slow pace learners.<br>• Special coaching classes for slow pace learners.<br>• Conducting action research on slow pace learners. | 2025 |
| Support to gifted children. | • Special coaching classes using language experts.<br>• Introducing English library.<br>• English book exhibition.<br>• Classes on creative writing.<br>• Magazines created by children. Digital library. | 2025-26 |
| Insufficient vocabulary | • Word games<br>• Word study using computers | 2025 |
| | • spelling contests<br>• making cross word puzzles<br>• Dictionary making using the words of the text book. | |
| Deffective sentence pattern | • Making sentence cards.<br>• Using sentence cards in class room.<br>• Correct sentence structure with ICT facilities.(conversations)<br>• Publishing magazines in English.<br>• Publishing printed magazines.<br>• English bulletin.<br>• Playing equipments for learning English.<br>• Writing Blog. | 2025 |
| Illegible hand writing | • Writing with ICT facilities<br>• Peer group learning<br>• English diary.<br>• English pen friends | 2025 |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല : ഹിന്ദി

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| എല്ലാ കുട്ടികൾക്കും അടിസ്ഥാനശേഷിക്കുറവ് | • ഹിന്ദി ഗ്രന്ഥശാല സ്ഥാപിക്കുക.<br>• വായനാകാർഡ് നിർമാണം<br>• ഹിന്ദി ദിനാചരണങ്ങൾ<br>• ഹിന്ദി അസംബ്ലി<br>• ഹിന്ദി വാർത്താവായന | 1 വർഷം |
| ഹിന്ദി അന്തരീക്ഷം, എഴുത്ത് മെച്ചപ്പെടുത്തൽ | • ഹിന്ദി സാഹിത്യകാരന്മാരുടെ പേര് ചിത്ര ആൽബത്തിൽ എഴുതുക.<br>• നാടകഗ്രൂപ്പ് | 6 മാസം |
| ഹിന്ദി ഭാഷയോട് അവഗണന | • ഹിന്ദി ഫെസ്റ്റ്<br>• ഒന്നാം ക്ലാസു മുതൽ ഹിന്ദി പഠിക്കാനുള്ള അവസരം സൃഷ്ടിക്കുക. | |
| പദപരിചയം ഐ.ടി. പരിജ്ഞാനക്കുറവ് | • 5-ാം ക്ലാസ് മുതൽ കാർഡ് നിർമാണം, പദനിർമാണ മത്സരം<br>• അക്ഷരക്കളി<br>• 6,7 ക്ലാസ് വർക്ക്ഷീറ്റ് നിർമാണം, ഐ.ടി ലഭ്യത<br>• ലൈബ്രറി ഉപയോഗം | |
| ഹിന്ദി ഭാഷയോട് താല്പര്യക്കുറവ് | • ഹിന്ദിയിൽ ലഭ്യമായ കാർട്ടൂൺ, കഥകൾ, സിനിമ എന്നിവയുടെ പ്രദർശനം | |
| ഹിന്ദി അന്തരീക്ഷം ഇല്ലായ്മ | • ഹിന്ദി വിദഗ്ദരുമായി ആശയവിനിമയം<br>• ഗസ്റ്റ് അധ്യാപകരുടെ സേവനം ഉറപ്പിക്കുക. | ഇടവേളകളിൽ |
| ഹിന്ദി ആശയപ്രകടനത്തിന് ബുദ്ധിമുട്ട് | • സ്പോക്കൺ ഹിന്ദി ക്ലാസുകൾ ഒഴിവു ദിവസങ്ങളിൽ | ഇടവേളകളിൽ |
| പ്രതിഭകൾക്ക് ക്ലാസ് ലഭിക്കുന്നില്ല | • പഠനത്തോടൊപ്പം പദ്ധതി | മാസത്തിൽ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല:അടിസ്ഥാനശാസ്ത്രം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| 5,6,7 ക്ലാസുകളിൽ പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠന നേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക | • 5,6,7 ക്ലാസുകളിലെ മുഴുവൻ പാഠഭാഗങ്ങളും ഉൾക്കൊള്ളിച്ച കൊണ്ട് വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു.<br>• നിരന്തര മൂല്യനിർണയത്തിനാവശ്യമായ ടൂളുകൾ, യൂണിറ്റ് ടെസ്റ്റുകൾ എന്നിവ നടത്തുന്നു.<br>• ഉപകരണ നിർമാണ ശില്പശാല നടത്തി ക്ലാസ് ലാബ് തയ്യാറാക്കുന്നു. | 2025 ആദ്യപാദം<br>എല്ലാ വർഷവും<br>എല്ലാ വർഷവും |
| ശാസ്ത്രത്തിന്റെ പ്രക്രിയാ ശേഷികളിൽ മുഴുവൻ കുട്ടികളേയും നിശ്ചിത നിലവാരത്തിൽ എത്തിക്കുക. | • സ്കൂൾ ലാബ് ശാക്തീകരണം, വിഭവ ശേഖരണം<br>• എല്ലാ ക്ലാസുകളിലും സയൻസ് ലാബ് / ശാസ്ത്ര കോർണർ<br>• ശാസ്ത്രപരീക്ഷണങ്ങൾ ഉൾക്കൊള്ളിച്ച കൊണ്ടുള്ള പെഡഗോജി പാർക്ക്<br>• എല്ലാവർക്കും ശാസ്ത്രപരീക്ഷണങ്ങൾ ചെയ്യാൻ അവസരം നൽകുന്ന സയൻസ് മാജിക് ഷോ<br>• കുട്ടിക്കൊരു ശാസ്ത്രകിറ്റ് | 2025<br>എല്ലാ വർഷവും<br>CV രാമൻ ദിനം<br>എല്ലാ വർഷവും |
| ശാസ്ത്ര സർഗാത്മകതയുള്ള അവസരങ്ങൾ കുറവ് | • സ്കൂൾ ശാസ്ത്ര ലൈബ്രറി<br>• വിദഗ്ധരെ പങ്കെടുപ്പിച്ച കൊണ്ടുള്ള ക്ലാസുകൾ<br>• ശാസ്ത്ര നാടകങ്ങൾ, പരീക്ഷണക്കളരികൾ | 2025-26<br>എല്ലാ വർഷവും |
| ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിലെ കുറവ് പരിഹരിക്കുക | • ഐസിടി വിഭവങ്ങൾ തയ്യാറാക്കൽ<br>• ഡിജിറ്റൽ TM<br>• ഡിജിറ്റൽ ലൈവ് ക്ലാസുകൾ<br>• മൊബൈൽ ആപ്ലിക്കേഷൻ നിർമാണം | 2025<br>എല്ലാ വർഷവും |
| കുട്ടികളിലെ ശാസ്ത്രീയ മനോഭാവം കുറയുന്നു | • ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>• ഞങ്ങാടികളെ കേന്ദ്രീകരിച്ചുള്ള ശാസ്ത്ര സന്ധ്യകൾ, വാനനിരീക്ഷണ ക്ലാസുകളും എന്നിവ സംഘടിപ്പിക്കുന്നു. | എല്ലാ വർഷവും<br>എല്ലാ വർഷവും |
| സ്കൂളിലെ ശാസ്ത്ര പഠനാന്തരീക്ഷം മെച്ചപ്പെടുത്തൽ | • പാഠഭാഗങ്ങളിലെ ആശയങ്ങൾ ഉൾക്കൊള്ളിച്ച കൊണ്ടുള്ള ചുമർ ചിത്രങ്ങൾ വരക്കുന്നു.<br>• വിദ്യാലയത്തിൽ ഒരു മിനി പ്ലാനിറ്റോറിയം തയ്യാറാക്കുന്നു.<br>• ഓപ്പൺ സ്പേസ് പരീക്ഷണങ്ങൾ ഉൾപ്പെടുത്തി ഔട്ട്ഡോർ സയൻസ് പാർക്ക് നിർമ്മിക്കുന്നു.<br>• എല്ലാ ക്ലാസുകളിലും വിസ്മയ ചുമർ നിർമ്മിക്കുന്നു. | 2025-26 |
| | • ടിങ്കറിംഗ് ലാബ് ഒരുക്കുന്നു. | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026
## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല:സോഷ്യൽ സയൻസ്

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| കുട്ടികൾക്ക് പ്രദേശത്തെക്കുറിച്ച് വ്യക്തമായ ധാരണയില്ല | • പ്രാദേശിക ഭൂപടം തയ്യാറാക്കൽ<br>• ഓരോ ക്ലാസിലും ചുമരിൽ വാർഡ്, പഞ്ചായത്ത്, ജില്ല, കേരളം, ഇന്ത്യ എന്നീ ഭൂപടങ്ങൾ വരയ്ക്കുക. | 6 മാസം |
| കുട്ടികൾക്ക് പഴയകാല ഉപകരണങ്ങളെ കുറിച്ചും ധാരണക്കുറവ് | • വീടുകളിൽ പഴയ കാലത്ത് ഉപയോഗിച്ചിരുന്ന സാധനങ്ങൾ ഉപകരണങ്ങൾ, സാധനങ്ങൾ ശേഖരിക്കൽ<br>• സ്കൂളിൽ മ്യൂസിയം തയ്യാറാക്കൽ | 5 വർഷം |
| പ്രാദേശിക വിഭവ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തൽ | • വിദഗ്ധരായ ആളുകളുടെ ക്ലാസ് | |
| പ്രാദേശിക ചരിത്രത്തെക്കുറിച്ചുള്ള ആരണയില്ലായ്മ | • മുതിർന്ന പൗരന്മാരുമായി അഭിമുഖം<br>• ചരിത്ര പ്രാധാന്യമുള്ള പ്രാദേശിക സ്ഥലങ്ങ്ഹളിലേക്ക് പഠനയാത്ര<br>• (കാവ് സന്ദർശനം)<br>• പ്രാദേശിക ചരിത്രം തയ്യാറാക്കൽ | |
| പാഠഭാഗം ലളിതവും ആകർഷകവും ആകുന്നില്ല | • ഐ.ടി. അധിഷ്ഠിത TM വികസിപ്പിക്കൽ<br>• വർക്ക്ഷീറ്റുകൾ വികസിപ്പിക്കൽ | |

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട ചരിത്ര സംഭവങ്ങൾ, സ്മാരകങ്ങൾ, സ്ഥലങ്ങൾ ഇവയെ നേരിട്ട് അറിയാനുള്ള ബുദ്ധിമുട്ട് | • സ്കൂൾ സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് ലൈബ്രറി<br>• സോഷ്യൽ സയൻസ് ലാബ്<br>• ഓരോ കുട്ടിക്കും ടാബ് വിതരണം<br>• ഇന്റർനെറ്റ് വഴി സെർച്ച് ചെയ്ത് കണ്ടെത്താൻ അവസരം<br>• ക്ലാസിൽ സാമൂഹ്യശാസ്ത്ര കോർണർ | 2 മുതൽ 5 വർഷം വരെ |
| ചരിത്ര പ്രധാന ദിനങ്ങളെ കുറിച്ചും ആഘോഷങ്ങളെ കുറിച്ചുള്ള ധാരണ കുറവ് | • ദിനാചരണം സംഘടിപ്പിക്കുക<br>• അഭിമുഖം<br>• വിവിധ ആഘോഷങ്ങൾ ജനകീയമായി സംഘടിപ്പിക്കുക | |
| കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചുള്ള അവബോധക്കുറവ് | • ക്ലാസ്, തെരുവ് നാടകം എന്നിവ സംഘടിപ്പിക്കുക | 2 മാസം |
| പൗരധർമ്മം മനസിലാക്കുക | • വിദഗ്ധരായവരുടെ ക്ലാസ് സംഘടിപ്പിക്കുക<br>• സമൂഹവുമായി ഇടപെടൽ<br>• ഫീൽഡ് ട്രിപ്പ്<br>• സ്കൂൾ പാർലമെന്റ് രൂപീകരിക്കുന്നു. | 1 വർഷം |
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | • ബുള്ളറ്റിൻ ബോർഡ്<br>• ഡിബേറ്റ് ക്ലബ് | 2025 മുതൽ |


## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല


| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| സാമൂഹിക സേവനം മനസിലാക്കൽ | • പാലിയേറ്റീവ് പ്രവർത്തകരെ കൊണ്ട് ക്ലാസ് സംഘടിപ്പിക്കുക<br>• പാലിയേറ്റീവ് കെയർ ക്ലിനിക് സന്ദർശനം<br>• രോഗികളുമായി അടുത്തിടപഴകാനുള്ള അവസരം<br>• രോഗികൾക്ക് ഓണം, ബക്രീദ്, ക്രിസ്മസ് ദിവസങ്ങളിൽ കിറ്റ് വിതരണം<br>• പദ്യരചന, പാട്ട്, പ്രസംഗം, നാടകം എന്നിവയിൽ മികവ് പുലർത്തുന്ന കുട്ടികളെ കണ്ടെത്തി സമീപ പ്രദേശങ്ങളിൽ പരിപാടി സംഘടിപ്പിക്കുക.<br>• പൈസ ശേഖരിച്ച് സാമൂഹിക സേവനത്തിന് ഉപയോഗിക്കുക. | 2 വർഷം |
| ജൈവവൈവിധ്യ പാർക്ക് നിർമാണം | • ക്ലാസ് സംഘടിപ്പിക്കുക, ജൈവവൈവിധ്യങ്ങളെ പറ്റി അവബോധം നൽകൽ<br>• പഠനയാത്ര, ജൈവവൈവിധ്യ പാർക്ക്<br>• ജന്തു ജന്യജീവികളെ സംരക്ഷിക്കുന്നതിന് പാർക്ക് നിർമാണം, അക്വേറിയം, കുളം, കിളിക്കൂട്, തണ്ണീർത്തടം, തണലിടം നടൽ<br>• | |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല: കണക്ക്

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ശിശുസൗഹൃദ പഠന സാമഗ്രികളുടെ കുറവ് | • ഗണിതലാബ് ശാക്തീകരണം<br>• ക്ലാസ് ഗണിതലാബ് | 2025 ജൂൺ - 2026 ജൂൺ |
| മികച്ച ഗണിത ഗ്രന്ഥങ്ങളുടെ അഭാവം | • ഗണിത പുസ്തകങ്ങൾ ശേഖരിച്ച് മികച്ച ഗണിത ലൈബ്രറി ഉണ്ടാക്കുക. | 2025 ജൂൺ - 2026 ജൂൺ |
| ഗണിത പഠനം രസകരവും ആകർഷകവുമാക്കാൻ സാധിക്കുന്നില്ല | • ഗണിത ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുക<br>• ഗണിതക്ലബ് ശാക്തീകരണം | |
| ഗണിതത്തിലെ ഉയർന്ന ശേഷിയും നേടാൻ പല കുട്ടികൾക്കും കഴിയുന്നില്ല | • മാത്സ് ക്ലിനിക്<br>• മാത്സ് വർക്ക്ഷീറ്റ്<br>• ജിയോജിബ്ര പരിശീലനം<br>• ഗണിതസ്കിറ്റ് അവതരണം<br>• മൂന്നാം ക്ലാസുകളിൽ | 2025 ജൂൺ - 2026 ഏപ്രിൽ<br>2025 ജൂൺ<br>2025 ജൂൺ - സെപ്റ്റംബർ<br>2025 ജൂൺ - ഒക്ടോബർ |
| ഗണിത സാഹിത്യ സൃഷ്ടികൾ പരിചയപ്പെടാനും സ്വയം രചനകൾ നടത്തുവാനും കഴിയുന്നില്ല. ഗണിത പഠനം വിരസമാകുന്നു. | • ഗണിത മാഗസിൻ<br>• ചുമർ പത്രികകൾ സ്കൂൾ തലം<br>• ഗണിത ശാസ്ത്ര മേള<br>• ചോദ്യോത്തര പെട്ടി | 2025 ജൂൺ<br>2025 ഏപ്രിൽ - 2025ജൂൺ<br>2026 ജൂൺ |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| മികച്ച ഗണിത പ്രതിഭകളെ കണ്ടെത്തുന്നതിനും വളർത്തുന്നതിനും സാധിക്കുന്നില്ല | • ഗണിത മെഗാ ക്വിസ്<br>• മാത്സ് ടാലന്റ് സെർച്ച് എക്സാമിനേഷൻ<br>• മാത്സ് ക്യാമ്പുകൾ<br>• ഗണിതോത്സവം<br>• റിസോഴ്സ് ടീച്ചേഴ്സ് ക്ലാസുകൾ<br>• വീഡിയോ ക്ലാസുകൾ<br>• ലിറ്റിൽ മാത്തമാറ്റിക്സ് പ്രോഗ്രാം | 2025 ജൂൺ - ഡിസംബർ<br>2025 ഒക്ടോബർ<br>വർഷത്തിൽ 3 പ്രാവശ്യം |
| ഗണിത കളി, ചെസ്സ്, പസിൽസ്, നാട്ടറിവ് ഒറിഗാമി, സെമിനാർ, പാട്ട്, കഥ എന്നിവ അടുത്തറിയാൻ അവസരം കിട്ടുന്നില്ല | • ഗണിത ഗെയിം കോർണർ<br>• പസിൽ കോർണർ<br>• പാട്ട്, കഥ, നാടക ക്യാമ്പ്<br>• നാട്ടറിവ് ശേഖരണം<br>• ചെസ്സ് ക്യാമ്പ് | 2025 ജൂൺ - 2026 മാർച്ച്<br>വർഷത്തിൽ ഒരു പ്രാവശ്യം |
| കമ്പ്യൂട്ടർ സ്വന്തമായി ഉള്ളവരിൽ ഉബുണ്ടു ഇൻസ്റ്റാളതിനായി ഐസിടി ഗ്രൂപ്പ് ലഭിക്കുന്നില്ല | • ഉബുണ്ടു വ്യാപനം ( വീട്ടിൽ ഉബുണ്ടു ഇൻസ്റ്റാൾ ചെയ്യൽ) | 2025 ജൂൺ - ആഗസ്റ്റ് |
| ഗണിത സാഹിത്യത്തിന് ആധുനിക ഇടം പരിചയമില്ല, സ്വതന്ത്ര രചനയ്ക്ക് അവസരമില്ല | • ബ്ലോഗ് എഴുത്ത് | 2025 ജൂൺ മുതൽ |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല:പി.ടി.എ

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| എസ്.എസ്.ജി യുടെ സഹായം അക്കാദമിക അനക്കാദമിക പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കൽ | • രക്ഷിതാക്കളിൽ നിന്നും യോഗ്യരായവരുടെ വിവരശേഖരണം<br>• രക്ഷിതാക്കളെ പഠനപ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കൽ<br>• യു.എസ്.എസ് പരിശീലനം<br>• കലാകായികമേള<br>• മുന്നേറ്റം ക്ലാസ് | ഒരു വർഷം |
| എം.ടി.എ /പി.ടി. എ പ്രാതിനിധ്യക്കുറവ് | • മാസത്തിൽ നിശ്ചിത ദിവസം ജനറൽ എക്സിക്യൂട്ടീവ് യോഗം ചേരുക<br>• ബോധവൽക്കരണ ക്ലാസുകൾ<br>• കോർണർ പിടി എ<br>• ഗൃഹസന്ദർശന പരിപാടി<br>• ഉച്ചഭക്ഷണ പരിപാടിയിൽ പങ്കെടുപ്പിക്കൽ<br>• കോർണർ പി.ടി.എ യിൽ രക്ഷിതാവിനേയും കുട്ടികളെയും ഉൾക്കൊള്ളിച്ച് കല ,സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തൽ | ഒരു വർഷം |
| എം.ടി.എ /പി.ടി.എ സ്കൂൾ പ്രവർത്തനങ്ങൾ അറിയിക്കൽ | • "ഹലോ സ്കൂൾ" പ്രോജക്ട് നടപ്പിലാക്കൽ<br>• മൊബൈൽഫോൺ കമ്മ്യൂണിക്കേഷൻ സിസ്റ്റം<br>• എല്ലാ ദിവസവും ഓരോ രക്ഷിതാക്കൾ വീതം (5,6,7 ക്ലാസിലെ) സ്കൂളിലേക്ക് വരാനുള്ള പ്രവർത്തനങ്ങൾ | വർഷം മുഴുവൻ |
| എം.ടി.എ /പി.ടി.എ പ്രവർത്തകസമിതിയ്ക്ക് കൃത്യമായ ദിശാബോധം | • എം.ടി.എ /പി.ടി.എ പ്രവർത്തന കലണ്ടർ തയ്യാറാക്കൽ | എല്ലാ വർഷവും |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല:ആരോഗ്യ കായിക വിദ്യാഭ്യാസം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയള |
|---|---|---|
| കുട്ടികളിൽ കായികക്ഷമതയുടെ കുറവ് | • കായികക്ഷമതയുള്ള കുട്ടികളെ തെരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നൽകുക.<br>• സ്പോർട്സ് ക്ലാസുകൾ സംഘടിപ്പിക്കുക<br>• യോഗ, ജിംനാസ്റ്റിക്സ്, നീന്തൽ എന്നിവയിൽ പരിശീലനം നൽകുക<br>• പ്രദേശത്തുള്ള കായിക പ്രതിഭകളുടെ സേവനം ലഭ്യമാക്കുക<br>• യോഗാക്ലാസുകൾ സംഘടിപ്പിക്കുക<br>• ആയോധന കലകളിൽ പരിശീലനം നൽകണം. | 2025 ജൂൺ മുതൽ |
| സ്പോർട്സ് ഉപകരണങ്ങളുടെ അഭാവം | • കുട്ടികൾക്ക് പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക<br>• സ്പോർട്സ് അക്കാദമി രൂപീകരിക്കൽ | |
| കുട്ടികൾക്ക് താല്പര്യമുള്ള കായിക ഇനങ്ങൾ തെരഞ്ഞെടുക്കാൻ അവസരം ലഭിക്കാനില്ല | • കായിക പ്രതിഭ പരമാവധി താല്പര്യമുള്ള ഇനങ്ങളിൽ വിദഗ്ധ പരിശീലനം | 2025-26 |
| കായികതാരങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കാനില്ല | • കായികപ്രതിഭകളെ ആദരിക്കൽ. | 2025-26 |
| കുട്ടികളുടെ ആരോഗ്യസ്ഥിതി അറിയാൻ അവസരം ഇല്ല | • വൈദ്യ പരിശോധന<br>• ആരോഗ്യ ക്ലാസുകൾ.<br>• സിഡി പ്രദർശനം<br>• സീസണൽ രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണം. | |
| ശരിയായ ഭക്ഷണ ശീലത്തെക്കുറിച്ചുള്ള അറിവില്ലായ്മ | • ആരോഗ്യ ക്ലാസുകൾ<br>• അടുക്കളത്തോട്ടം | |
| പ്രഥമശുശ്രൂഷയെക്കുറിച്ചുള്ള ധാരണക്കുറവ് | • വിദഗ്ധരുടെ ക്ലാസുകൾ<br>• സിഡി പ്രദർശനം<br>• പ്രഥമശുശ്രൂഷ കിറ്റ് സൗകര്യം ലഭ്യമാക്കൽ. | |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല:പ്രവൃത്തി പരിചയം

### (ഊടും പാവും നെയ്ത്തുകാർ)

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| കുട്ടികൾക്ക് പരിശീലനത്തിന്റെ അഭാവം | • പരിശീലനത്തിനാവശ്യമായ സ്ഥിരം അധ്യാപകരെ നിയമിക്കൽ<br>• പ്രാദേശികമായി ലഭ്യമായ കലാകാരൻമാരെ ഉപയോഗിച്ച് പരിശീലനം സംഘടിപ്പിക്കുക | |
| പ്രാദേശികമായി പരിശീലകരെ ലഭിക്കുന്നില്ല | • പ്രവൃത്തിപരിചയ മേഖലയിൽ കഴിവുള്ള പ്രാദേശികമായ വ്യക്തികളുടെ വിവരശേഖരണം<br>• അവരെ ചേർത്തുള്ള റിസോഴ്സ് ഗ്രൂപ്പ് തയ്യാറാക്കൽ | 2025 ആദ്യപാദം |
| തുടർ പരിശീലനത്തിന്റെ അഭാവം | • പിടിഎ, എസ്എസ്ജി എന്നിവരുടെ നേതൃത്വത്തിൽ ഹ്രസ്വകാല അടിസ്ഥാനത്തിൽ പരിശീലകരെ കണ്ടെത്തി പരിശീലനം നൽകുക. | 2025-26 |
| കലാകായിക പ്രവർത്തനങ്ങളിൽ കുട്ടികളുടെ അഭിരുചി തിരിച്ചറിയാൻ കഴിയുന്നില്ല | • തുടർച്ചയായ പരിശീലനത്തിലൂടെ കുട്ടികളുടെ മികവുകൾ കണ്ടെത്തുകയും അതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുകയും ചെയ്യുക | 2025 മുതൽ |
| അസംസ്കൃത വസ്തുക്കളുടെഅഭാവം | • പ്രാദേശിക വിഭവങ്ങളുടെ ശേഖരണം<br>• പ്രവൃത്തിപരിചയ ലാബ് തയ്യാറാക്കുക | 2025-26 |
| സ്കൂൾ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്താൻ കഴിയുന്നില്ല | • ആവശ്യവസ്തുക്കളുടെ നിർമ്മാണക്കളരി സംഘടിപ്പിക്കുക.<br>(കുട,നോട്ട്ബുക്ക്,ഫിനോയിൽ,പേപ്പർബാഗ്,സോപ്പ്...)<br>• പിടിഎ,എസ്എംസി എന്നിവരുടെ നേതൃത്വത്തിൽ ഉൽപന്നങ്ങളുടെ വിപണനമേള നടത്തുക.<br>• കുട്ടിച്ചന്തകൾ സംഘടിപ്പിക്കുക | 2025 അവസാനപാദം |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല:കലാപഠനം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| കലാപഠനത്തിൽ വേണ്ടത്ര സമയം ലഭിക്കുന്നില്ല. | • ഒഴിവു ദിവസങ്ങളിൽ കുട്ടികൾക്കായി ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>• അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകുന്നു.<br>• അവധിക്കാലത്ത് അഞ്ച് ദിവസം നീളുന്ന ചിത്രരചനാ പരിശീലനം | 2025 മുതൽ |
| പരിശീലനം ലഭിച്ച അധ്യാപകരുടെ അഭാവം | • ഈ മേഖലയിൽ പരിശീലനം ലഭിച്ച അധ്യാപകരെ കൊണ്ടു വന്ന് ക്ലാസുകൾ സംഘടിപ്പിക്കുന്നു. | 2025-26 |
| കലാപഠനത്തിന് ആവശ്യമായ ഉപകരണങ്ങളുടെ കുറവ് | • സ്കൂളിൽ ഒരു ആർട്ട് ഗാലറി സ്ഥാപിക്കുന്നു. | 2025 അവസാനപാദം |
| വിവിധ കലാരൂപങ്ങളെക്കുറിച്ചുള്ള ധാരണക്കുറവ് | • വിവിധ കലാരൂപങ്ങളുടെ വേഷവിധാനങ്ങൾ, ഉപകരണങ്ങൾ,എന്നിവ പരിചയപ്പെടാനും കാണാനുമുള്ള അവസരങ്ങൾ നൽകുന്നു. | 2025-26 |
| കലാപരമായ കഴിവ് വികസിപ്പിക്കുന്നതിന്. | • ആഴ്ചയിൽ ഒരു ദിവസം സാഹിത്യസമാജം സംഘടിപ്പിക്കുന്നു.<br>• കുട്ടികൾക്ക് നാടക പരിശീലനം നൽകുക<br>• നാടൻ കലകളിൽ പ്രാവീണ്യം നേടിയവരെ പരിചയപ്പെടുത്തുന്നു.<br>• കുട്ടികൾക്ക് സിനിമ പരിശീലനം-ഷോർട്ട്ഫിലിം നിർമ്മാണം-<br>ഫിലിം ക്ലബ് രൂപീകരണം.<br>• സ്കൂൾ ടാലന്റ് ലാബ്-കുട്ടികളിലെ വിവിധ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്ന പദ്ധതി. | 2025-26 |
| പ്രാദേശികമായ കലാകാരൻമാരുടെ സേവനം ലഭ്യമാകുന്നില്ല | • സ്കൂൾ കലാസംഘം രൂപീകരിക്കുക<br>• നാടൻപാട്ട് സംഘം<br>• സ്കൂൾ ചെണ്ടമേള സംഘം<br>• സ്കൂൾ ബാന്റ് മേള സംഘം<br>• സ്കൂൾ നാടക സംഘം<br>• സംഗീത ഉപകരണ ക്ലാസുകൾ | 2025-26 |

## അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല:ഭിന്നശേഷി നിലവാരക്കാർ

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികളെ കണ്ടെത്തൽ | • ഓരോ വർഷവും ആദ്യമാസത്തിൽ റിസോഴ്സ് അധ്യാപകരുടെ സഹായത്തോടെ ഭിന്നശേഷിയിലുള്ള കുട്ടികളെ കണ്ടെത്തുന്നു. | 2025 മുതൽ |
| പാഠഭാഗങ്ങളുടെ അനുരൂപീകരണം സാധ്യമാകുന്നില്ല. | • റിസോഴ്സ് ടീച്ചേഴ്സിന്റെ സേവനം എല്ലാ ദിവസവും ലഭ്യമാക്കുക<br>• ഐസിടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.<br>• ഇത്തരക്കാരെ പരിഗണിച്ച് കൊണ്ടുള്ള പ്രത്യേക TM തയ്യാറാക്കുക<br>• സ്കൂളിലെ അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുക.<br>• ഇത്തരക്കാർക്ക് ആവശ്യമായ ഉപകരണങ്ങൾ , സംവിധാനങ്ങൾ എന്നിവ ഒരുക്കുക.<br>• ഒറ്റ റിസോഴ്സ് റൂം വിദ്യാലയത്തിൽ ആരംഭിക്കുക | 2025 മുതൽ |
| പ്രത്യേകം പരിഗണന കിട്ടായ്യ | • ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് നിരന്തരമായ പ്രോത്സാഹനം നൽകുന്നു.<br>• student of the day പ്രോഗ്രാം ആരംഭിക്കുന്നു.<br>• കഥ,പാട്ട്,വരപ്പിക്കൽ, കേൾപ്പിക്കൽ, വായിച്ച് കൊടുക്കൽ ഒറിഗാമി പ്രവർത്തനങ്ങൾ എന്നിവ ചെയ്യുന്നു. | 2025 മുതൽ |
| കുട്ടികളുടെപ്രശ്നങ്ങൾക്ക് അനുസൃതമായി രക്ഷിതാക്കൾക്ക് പരിശീലനം ഇല്ലാത്ത അവസ്ഥ | • മാതാപിതാക്കൾക്ക് പ്രശേത്യക പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>• art camp, craft camp,f ield trip എന്നിവ സംഘടിപ്പിക്കുന്നു.<br>• പഠനപ്രവർത്തനങ്ങളിൽ രക്ഷിതാവിനെക്കൂടി പങ്കാളിയാക്കുക. | 2025 മുതൽ |
| സാമൂഹ്യ പങ്കാളിത്തത്തിന്റെ കുറവ് | • പിയർടീച്ചേഴ്സ് ആയ കുട്ടികളെ പ്രയോജനപ്പെടുത്തുക.<br>• ഇത്തരക്കാർക്ക് പുറത്ത് ഒത്തുകൂടാനുള്ള പൊതു ഇടങ്ങൾ കണ്ടെത്തുക.<br>• കൃഷിപാഠം, ശാസ്ത്രപരീക്ഷണം, പ്രകൃതി നിരീക്ഷണം സോപ്പ് നിർമ്മാണം തുടങ്ങി വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>• സ്കൂളിന് പുറത്തുള്ള (പ്രായ വ്യത്യാസം നോക്കാതെ)ഇത്തരം കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് കൂട്ടായ്മകൾ രൂപീകരിക്കുക. ആഴ്ചയിൽ ഒരിക്കലെങ്കിലും ഒത്തുകൂടാനുള്ള അവസരം നൽകുക.<br>• ഭിന്നശേഷി നൈപുണി പരിശീലന കേന്ദ്രം തുടങ്ങുക | 2025 മുതൽ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല:പരിസ്ഥിതി

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| സ്കൂളിൽ മനോഹരമായ പൂന്തോട്ടത്തിന്റെ കറവ് | സ്കൂൾ പരിസരം പച്ചപ്പ് കൊണ്ട് നിറയ്ക്കുക<br>• ചെടികൾ<br>• വൃക്ഷത്തൈകൾ<br>• പഴ വർഗങ്ങൾ | ജൂൺ 5 |
| വീട്ടിന്റെല അടുക്കളശേത്താട്ടം | • കുട്ടികൾ മാതാപിതാക്കളുടെയും അധ്യാപകരുടെയും സഹായത്തിൽ പച്ചക്കറിത്തോട്ടം വച്ചു പിടിപ്പിക്കുന്നു<br>• ഒരു കുട്ടിക്ക് ഒരു കൊടിമരം പദ്ധതി (കുരുമുളക് വള്ളി )<br>• കോഴി, ആട് വളർത്തൽ<br>• സ്കൂൾ പച്ചക്കറിത്തോട്ടം | ജൂലൈ |
| പ്ലാസ്റ്റിക് മൂലമുള്ള മലിനീകരണം<br><br>ജലദൗർലഭ്യം | • പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം<br><br>• ജലസംരക്ഷണ മാർഗങ്ങൾ, മഴവെള്ള സംഭരണി,ബോധവല്കരണം | ജൂൺ<br>ജൂലൈ<br>2025-26 |
| സ്കൂൾതന്നെ പാഠപുസ്തകം | • ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ<br>• BALA വ്യാപനം<br>• ഔഷധത്തോട്ടം<br>• ശലഭോദ്യാനം | 2025-26 |

## അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല:ലൈബ്രറി

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| പുസതകങ്ങൾ കുറവ് | • പുസ്തക ശേഖരണം (ഒരു കുട്ടിയുടെ വീട്ടിൽ നിന്ന് ഒരു പുസ്തകം)<br>• പിറന്നാളിന് ഒരു പുസ്തകം – തുറന്ന ലൈബ്രറിയിലേക്ക് - (അസംബ്ലിയിൽ പിറന്നാൾ ആശംസ പറഞ്ഞ് കുട്ടികളിൽ പുസ്തകം തരാനുള്ള ആവേശം ഉണ്ടാക്കൽ | 3 മാസം |
| പുസ്തകങ്ങൾ സൂക്ഷിക്കാനുള്ള അലമാരകളുടെ കുറവ് | • സ്പോൺസർഷിപ്പിലൂടെ സംവിധാനമൊരുക്കൽ | 2 മാസം |
| ക്ലാസ് ലൈബ്രറി ആകർഷകമല്ല | • മികച്ച ക്ലാസ് ലൈബ്രറി കണ്ടെത്തൽ (പുസ്തകങ്ങൾ വിതരണം ചെയ്യുന്ന രീതി നോക്കി) ക്ലാസിലെ അലമാരയ്ക്ക് ഡോർ വെക്കൽ<br>• പുസ്തകങ്ങൾ വാങ്ങൽ -<br>(വിവിധ മാസികകൾ തളിര് , യുറീക്ക മുതലായവ) | 1 വർഷം |



## അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല:ലൈബ്രറി



| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| 100% കുട്ടികൾ ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങളെടുത്ത് വായിക്കുന്നില്ല | • തുറന്ന ലൈബ്രറി<br>• പുസ്തകക്കുറിപ്പ് തയ്യാറാക്കൽ മത്സരം<br>• മാസത്തിലൊരിക്കൽ ചർച്ച.<br>• ആഴ്ചയിലൊരിക്കൽ അസംബ്ലിയിൽ ഒരു പുസ്തകം അവതരിപ്പിക്കൽ<br>• വായനക്കളരിയിൽ പുസ്തകങ്ങൾ സൂക്ഷിച്ച് രജിസ്റ്റർ എഴുതി കുട്ടികൾ തന്നെ പുസ്തകങ്ങൾ വിതരണം ചെയ്യൽ<br>• കവികൾ -കവിതകൾ(ഓരോ കുട്ടിയും അവർക്ക് ലഭിച്ച കവിയുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുന്നു. | |
| എല്ലാ രക്ഷിതാക്കളും ലൈബ്രറിൽ അംഗങ്ങളല്ല | • കുട്ടികൾ വഴി രക്ഷിതാക്കൾക്ക് പുസ്തകമെത്തിക്കൽ | |
| പുസ്തകങ്ങൾ വാങ്ങാനുള്ള സാമ്പത്തികം വേണ്ടത്ര ലഭിക്കുന്നില്ല | • പുസ്തക പ്രസാദകരിൽ അംഗത്വമെടുക്കൽ<br>• ഒരു വർഷം നിശ്ചിത ശതമാനം തുകക്ക് പുസ്തകങ്ങൾ ലഭിക്കുന്ന പദ്ധതി<br>• ഓരോ വർഷവും അംഗത്വം | |

## അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല:കൗൺസിലിംഗ്

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| വൈകാരിക പിന്തുണ സംവിധാനത്തിന്റെ അഭാവം | • ഗൃഹസന്ദർശനം നടത്തി കുട്ടികളുടെ പരമാവധി വിവരശേഖരണം നടത്തുന്നു.<br>• സ്കൗട്ട് &ഗൈഡ് ,SAW,SPC വിപുലീകരണം<br>• അധ്യാപകർക്ക് വിദഗ്ധപരിശീലനം നൽകുന്നു.<br>• വിദഗ്ധരെ ഉൾപ്പെടുത്തി പാരന്റിംഗ് ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>• സ്കൂൾ മാതൃസമിതി പ്രവർത്തനം ശക്തമാക്കുന്നു.<br>• സന്നദ്ധസംഘടനകളുടെ സഹായങ്ങൾ ലഭ്യമാക്കുന്നു.<br>• വിദഗ്ധപരിശീലനം ലഭിച്ചവരെഉൾപ്പെടുത്തി കൗൺസിലിംഗ് സെന്റർ രൂപീകരിക്കുന്നു. | 2025-26 |
| ആരോഗ്യ കുടുംബ ബന്ധങ്ങളിലെ പ്രശ്നപരിഹരണം നടത്താനുള്ള പ്രയാസം | • പ്രാദേശിക കൂട്ടായ്മകൾ സംഘടിപ്പിക്കുന്നു.<br>• കോർണർ പിടിഎ കൾ രൂപീകരിക്കുന്നു.<br>• തെരുവോര നാടക സമിതി രൂപീകരിക്കുന്നു.<br>• സെമിനാർ, ബോധവൽക്കരണ ക്ലാസ് ,പോസ്റ്റർ പ്രദർശനം, വീഡിയോ പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു.<br>• പ്രാദേശിക തലത്തിൽ ജനജാഗ്രതാസമിതി രൂപീകരിക്കുന്നു.<br>• Scout & Guides ഉപയോഗിച്ച് ലഹരി വിരുദ്ധസേനാ രൂപീകരണം | 2025-26 |
| ജീവിതനൈപുണി വികസനം , വ്യക്തിത്വ വികസനം എന്നിവയിലെ കുറവ് | • സ്കൂൾ സാഹിത്യസമാജം മെച്ചപ്പെടുത്തുന്നു.<br>• ബോധവത്കരണ ക്ലാസുകൾ സംഘടിടിക്കുന്നു.<br>• കുട്ടികളുടെ കഴിവുകൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നു.<br>• മോട്ടിവേഷൻ ക്ലാസുകൾ, കരിയർഗൈഡൻസ് ക്ലാസുകളെന്നിവ സംഘടിപ്പിക്കുന്നു.<br>• അവധിക്കാല സഹവാസക്യാമ്പുകൾ, തിയേറ്റർ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നു. | 2025-26 |
| സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടാനുള്ള താൽപര്യമില്ലായ്മ | • സ്കൂളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>• സ്കൂളിലും തുടർന്ന് വീട്ടിലും ഗ്രീൻ പ്രോട്ടോകോൾ നിർബന്ധമാക്കുന്നു.<br>• പ്ലാസ്റ്റിക് ശേഖരണം, തരംതിരിക്കൽ, വിപണനം എന്നിവക്കാവശ്യമായ പദ്ധതി പഞ്ചായത്തുമായി ചേർന്ന് രൂപപ്പെടുത്തുന്നു.<br>• പിടിഎ സഹായത്തോടെപേപ്പർ ബാഗ്, പേപ്പർ പേന എന്നിവ നിർമ്മിക്കുന്നു, വിപണനം നടത്തുന്നു. | 2025-26 |

## അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല: വിജയഭേരി

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| മലയാളം , ഗണിതം,<br>ഇംഗ്ലീഷ്, എന്നീ<br>വിഷയങ്ങളിലെ<br>അടിസ്ഥാനശേഷികൾ<br>കൈകവരിക്കുന്നതിലുള്ള<br>കുട്ടികളുടെ<br>പിന്നോക്കാവസ്ഥ<br>പരിഹരിക്കൽ | വിദ്യാഭ്യാസ വകുപ്പുമായി<br>ബന്ധപ്പെട്ട പദ്ധതികളെ<br>ബന്ധിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനം<br>മലയാളത്തിളക്കം<br>ഗണിതം മധുരം<br>ഹലോ ഇംഗ്ലീഷ്<br>ശ്രദ്ധ (അഞ്ചാം തരത്തിന് മാത്രം)<br>പ്രതിഭാ കേന്ദ്രം<br>ജൂൺ, ജൂലായ്, ആഗസ്റ്റ് , സെപ്തംബർ,<br>ഒക്ടോബർ വരെയുള്ള 5 മാസങ്ങൾ<br>നവംബർ, ഡിസംബർ, ജനവരി,<br>ഫെബ്രുവരി, മാർച്ച് വരെയുള്ള അഞ്ച്<br>മാസങ്ങൾ<br>ഒരു മാസം 20 working days<br>20*40 mts 800 മിനുട്ടുകൾ<br>അദാലത്ത് 13 മണിക്കൂർ<br>4 നിയാഴ്ചകൾ 4*3 hrs 12 മണിക്കൂർ<br>ആദ്യ ഘട്ടത്തിൽ 5 മാസം*25 മണിക്കൂർ<br>125 മണിക്കൂറുകൾ<br>ഇതിൽ 20 മണിക്കൂർ കുറക്കാം ബാക്കി 105<br>മണിക്കൂർ<br>ഇംഗ്ലീഷ് 35 മണിക്കൂർ (7 days)<br>മലയാളം 35 മണിക്കൂർ (7 days)<br>ഗണിതം 35 മണിക്കൂർ (7 days)<br>രണ്ടു ഘട്ടങ്ങളിലായി 210 മണിക്കൂർ ക്ലാസ്<br>കിട്ടുന്നതാണ്<br>ഒരു വിഷയത്തിന് ആകെ എഴുപത്<br>മണിക്കൂർ (5 മണിക്കൂർ ക്ലാസ് ഒരു<br>ദിവസമെന്ന് കണക്കാക്കിയാൽ 14<br>ദിവസത്തെ ക്ലാസ് ഒരു വിഷയത്തിന്<br>ലഭിക്കാവുന്നതാണ്.<br>വിവിധ പരിപാടികളെ ഈ സമയക്രമവുമായി<br>ബന്ധിപ്പിക്കാം<br>ഇംഗ്ലീഷ് മലയാളം ഗണിതം തനതു പ്രവർത്തനങ്ങൾ<br>ഹലോ ഇംഗ്ലീഷ്<br>മലയാളത്തിളക്കം<br>പ്രതിഭാ കേന്ദ്രം പ്രവർത്തനങ്ങൾ<br>ശ്രദ്ധ 5 ,6 ,7<br>രണ്ടാം ഘട്ടത്തിന് മുമ്പായി പ്രാഥമിക<br>നിലയിരുത്തൽ നടത്താവുന്നതാണ് വീണ്ടും<br>സഹായമാവശ്യമുള്ള കുട്ടികൾക്ക് സഹായം<br>ചെയ്യാവുന്നതാണ്. | 2018 ജൂൺ<br>മുതൽ |

| | | |
|---|---|---|
| പഠന വൈകല്യമുള്ള<br>കുട്ടികളുളെയും പഠന<br>പിന്നോക്കാവസ്ഥ<br>അനുഭവപ്പെടുന്ന<br>കുട്ടികളെയും അവരുടെ<br>കഴിവുകൾ കണ്ടെത്തി<br>പ്രോത്സാഹിപ്പിക്കുകയും<br>അവരുടെ<br>പിന്നോക്കാവസ്ഥ<br>പരിഹരിക്കുകയും<br>ചെയ്യുക | അഞ്ചാം ക്ലാസിലെ മേൽപറഞ്ഞ<br>വിഭാഗത്തിൽപ്പെടുന്ന കുട്ടികളെ<br>കണ്ടെത്തി പ്രോത്സാഹനം നൽകൽ<br>ആദ്യ ഘട്ടത്തിൽ മുഴുവൻ അധ്യാപകർക്കും<br>പരിശീലനം നൽകൽ<br>രക്ഷിതാക്കൾക്കുള്ള പരിശീലന ക്ലാസുകൾ<br>പ്രത്യേകം സംഘടിപ്പിക്കുക | 1 വർഷം |

## അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല: ഉച്ചഭക്ഷണം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| പല കുട്ടികൾക്കും പ്രഭാത ഭക്ഷണം കിട്ടുന്നില്ല | • എല്ലാ ദിവസവും രാവിലെ 9.30 ന് കഞ്ഞിയും കറിയും നൽകുക<br>• ആഴ്ചയിൽ ഒരു ദിവസം പുട്ടും കടലയും | |
| ഭക്ഷണം സമയ ബന്ധിതമായി തയ്യാറാക്കാനും വിതരണം ചെയ്യാനും കഴിയുന്നില്ല | • പ്രഭാത ഭക്ഷണം കൈകതാങ്ങ് (രക്ഷിതാക്കളുടെ പങ്കാളിത്വത്തിൽ ഭക്ഷണം തയ്യാറാക്കി വിതരണം ചെയ്യുക<br>• എല്ലാ കുട്ടികൾക്കും ഭക്ഷണം കഴിക്കാനുള്ള പ്ലേറ്റ്, ഗ്ലാസ്സ് ഉറപ്പാക്കുക,ആധുനിക പാചക പുരയും ഡൈനിംഗ് ഹാളും നിർമ്മിക്കുക | 2 വർഷം |
| ഉച്ചഭക്ഷണത്തിൽ ഇലക്കറികൾ ശുദ്ധമായ പച്ചക്കറികൾ എന്നിവയുടെ അഭാവം | • പ്രാദേശിക തലത്തിൽ പച്ചക്കറി സമാഹരണം കുടുംബശ്രീ യൂണിറ്റുകളെ ഉൾപ്പെടുത്തുക<br>• സ്കൂൾ പച്ചക്കറിത്തോട്ടം നിർമ്മിക്കുക<br>• സ്കൂൾ പരിസരത്ത് പപ്പായ, മുരിങ്ങ, വാഴ കൃഷി, പൂള എന്നിവ വ്യാപിപ്പിക്കുക | 1 വർഷം |
| എല്ലാകുട്ടികൾക്കും ശുദ്ധമായ കുടിവെള്ളം അടുത്ത് കിട്ടുന്നില്ല | • എല്ലാ ക്ലാസിലും ചുക്കുവെള്ളം എത്തിക്കുക<br>• എല്ലാ ക്ലാസിലും ഫില്ലർടാങ്ക് സ്ഥാപിക്കുക | |
| പോഷകാഹാരക്കുറവ് | • എല്ലാ മാസവും ഒരു ദിവസം മാംസാഹാരം നൽകുക<br>• ജൈവ പച്ചക്കറി ഉപയോഗിക്കുക<br>• എന്റെ ഇഷ്ടഭക്ഷണം പദ്ധതി നടപ്പാക്കുക | |

## അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല:

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| കുട്ടികളിലും രക്ഷിതാക്കളിലും ആരോഗ്യകരമായ ഭക്ഷണ ശീലത്തിന്റെ അറിവില്ലായ്മ | • ഫുഡ് ഫെസ്റ്റ് സംഘടിപ്പിക്കുക<br>ഭക്ഷണ ശീലത്തെ പറ്റി ക്ലാസ്സ്<br>പ്രാദേശിക പാചകരീതി പരിചയപ്പെടൽ | |
| ഭക്ഷണാവശിഷ്ടങ്ങൾ സംസ്കരിക്കാൻ കഴിയുന്നില്ല. | • ബാക്കിയുള്ള ഭക്ഷണം, ആവശ്യമുള്ള കുട്ടികൾക്ക് വീട്ടിൽ കൊണ്ട് പോകാം<br>• സ്കൂളിൽ ഒരു ഫാം ,ശാസ്ത്രീയ കംബോസ്റ്റ് നിർമ്മിക്കുക, കോഴി ഫാം | 1 വർഷം |
| ഉച്ചഭക്ഷണം കൃത്യമായി ഓഡിറ്റിംഗ് നടക്കുന്നില്ല | • കൈകതാങ്ങ് (ഒരു ദിവസം തന്റെ കുട്ടിക്ക് വേണ്ടി)<br>• എന്റെ ക്ലാസിന്റെ ഭക്ഷണം<br>• ഉച്ചഭക്ഷണത്തിൽ സാമൂഹ്യ പങ്കാളത്തം ഉറപ്പാക്കുക | |
| എല്ലാവരും ഉച്ചഭക്ഷണം കഴിക്കുന്നില്ല | • ഭക്ഷണം കഴിക്കുന്നവരുടെയും അല്ലാത്തവരുടെയും സർവെ<br>• പരിഹാര ബോധനം<br>വൈവിദ്ധ്യ ഭക്ഷണം<br>• ഭക്ഷണം തയ്യാറാക്കി ക്ലാസുകളിൽ pack ചെയ്ത് എത്തിക്കുക | |

## അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല:പൂർവ്വ വിദ്യാർത്ഥി അധ്യാപക കൂട്ടായ്മ

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| പൂർവ്വ വിദ്യാർത്ഥികളുടെ വിവരങ്ങൾ കണ്ടെത്തിയിട്ടില്ല | • അവരുടെ വിവരങ്ങൾ ശേഖരിക്കൽ ഫോൺ നമ്പർ എന്നിവ കണ്ടെത്തൽ<br>• അവരുടെ സംഘടന രൂപീകരിക്കൽ<br>• വിദ്യാഭ്യാസ പ്രവർത്തനങ്ങൾ അവതരിപ്പിക്കൽ | 2025 മുതൽ |
| അവരുടെ കൂട്ടായ്മ രൂപീകരിച്ചിട്ടില്ല | • ഓരോ ഏരിയ തിരിച്ച് പൂർവ്വ വിദ്യാർഥി ലിസ്റ്റ് തയ്യാറാക്കൽ<br>• ഏരിയയുടെ അടിസ്ഥാനത്തിൽ കോർണർ ഗ്രൂപ്പ് ഉണ്ടാക്കൽ<br>• അതിൽ നിന്നും സാമ്പത്തികമായി, വിദ്യാഭ്യാസപരമായി ഉയർന്ന നിൽക്കുന്നവർ കലാ കായിക മേഖലയിലെ പ്രതിഭകൾ എന്നിവരെ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കൽ | 2025-2026 |
| സ്കൂളിന്റെ അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങൾ പൂർവ്വ വിദ്യാർഥികളുടെ പങ്കാളിത്തം ഉറപ്പു വരുത്തിട്ടില്ല | • സ്കൂളിന്റെ വികസനത്തിന് വേണ്ട ഫണ്ട് രൂപീകരണം<br>• പൂർവ്വ വിദ്യാർത്ഥികളുടെ കലാപരിപാടികൾ റിസോഴ്സ് ഗ്രൂപ്പ് ഉണ്ടാക്കൽ അതിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നൽകൽ, ചിത്രം, പാട്ട്, നൃത്തം എന്നീ മേഖലകളിൽ പ്രാവീണ്യമുള്ള വിദ്യാർത്ഥികൾ പരിശീലനം നൽകൽ<br>• കായിക മത്സരങ്ങളിൽ പങ്കാളിത്തം<br>• ട്രെയിനിംഗ് നൽകൽ | 2025-2026 |
| പൂർവ്വ അധ്യാപക കൂട്ടായ്മ രൂപീകരിച്ചിട്ടില്ല. | • പൂർവ്വ അധ്യാപക കൂട്ടായ്മ രൂപീകരിക്കുന്നു, പ്രവർത്തനം ആസൂത്രണം ചെയ്യുന്നു | 2025 |

ശുചീകരണ പ്രവർത്തനം

അവധിയില്ലാത്ത ദിവസം അധ്യാപകരും കുട്ടികളും ചേർന്ന് പ്രദേശങ്ങൾ ശുചീകരിക്കും എല്ലാ ദിവസവും സ്കൂൾ പരിസരം വൃത്തിയാക്കാൻ അധ്യാപകരോടൊപ്പം കൈകോർത്ത കുട്ടികളോടൊപ്പം പങ്കാളിത്തത്തോടെ മറ്റു ജീവനക്കാരും ചെയ്തിട്ടുണ്ട്. സ്കൂൾ പരിസരത്ത് മരക്കൊമ്പുകൾ കയറിനിൽക്കുന്ന സമയത്ത് അധ്യാപകർ, PTA എന്നിവരുടെ സഹായത്തോടെ മരക്കൊമ്പുകൾ വെട്ടിനിരത്തി വൃത്തിയാക്കാറുണ്ട്.

മികവ്

2024-25 അധ്യയന വർഷം ശാസ്ത്ര ഗണിതശാസ്ത്ര പ്രവൃത്തിപരിചയ മേളയിലും കലാകായിക രംഗത്തും സ്കൂളിന്റെ വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ വായന പരിപോഷണ പരിപാടി ഒരു വർഷത്തെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് പഠനോത്സവം ഈ വർഷവും പൂർവാധികം ഭംഗിയായി നടത്താൻ കഴിഞ്ഞത് സ്കൂളിന്റെ മറ്റൊരു വിജയമാണ്, 3 സീനിയർ അധ്യാപകരും 2

ദിവസ വേതനാധ്യാപകരും 1 പ്രീ പ്രൈമറി ടീച്ചറുമാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്

## ഉപസംഹാരം

പൊതുവിദ്യാഭ്യാസം എന്ന ആശയം തന്നെ മഹത്തായ ഒരു സാമൂഹ്യ സൃഷ്ടിക്ക് വേണ്ടി ഏറ്റവും ഉദാത്തമായ മുഖമെടുത്താണ്. ഓരോ വിദ്യാലയവും വിദ്യാർത്ഥിക്ക് വിശാലലോകത്തിലേക്കുള്ള വാതായനമാണ് തുറന്നിടുന്നത് പുറംകാഴ്ചയുടെ ഉദ്ദേശങ്ങളാണ് വിദ്യാഭ്യാസത്തിന്റെ കർത്തവ്യം. ലക്ഷ്യസാധ്യത്തിനു വേണ്ടിയുള്ള നിരവധി അക്കാദമിക അനക്കാദമിക പ്രവർത്തനങ്ങളാണ് വിദ്യാലയ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രക്ഷിതാക്കളും വിദ്യാർത്ഥി അധ്യാപകരും ഒന്നുചേർന്നുള്ള യാത്ര അതിനെ ലക്ഷ്യത്തിലെത്തിക്കും. അങ്ങനെ വിദ്യാധനം സർവ്വധനാൽ പ്രധാനം എന്ന ആപ്തവാക്യം തെളിയിക്കാൻ നമുക്ക് കഴിയുമെന്ന് വിശ്വസിക്കുന്നു. ഒരേ ലക്ഷ്യത്തിലേക്ക് ഒരുമിച്ച് നടന്നുനീങ്ങാം . . . –